## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7856 16/07/2014-ൽ മറുപടിക്ക്

# പുതിയ വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ശരാശരി വൈദ്യുതിയും കേന്ദ്ര വിഹിതവും ചേർത്താൽ നമ്മുടെ ഉപഭോഗത്തിന് ആവശ്യമായ അളവിൽ വൈദ്യുതി ലഭ്യമാണോയെന്ന് അറിയിക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ എത്ര മെഗാവാട്ടിന്റെ കുറവാണ് ഉള്ളത് ; വ്യക്തമാക്കുമോ; | (എ)യും (ബി)യും<br><br>2014-15 വർഷത്തേക്ക് സംസ്ഥാനത്ത് പ്രതീക്ഷിക്കുന്ന ശരാശരി പ്രതിദിന വൈദ്യുത ഉപഭോഗം 60 ദശലക്ഷം യൂണിറ്റാണ്. ജലവൈദ്യുത പദ്ധതികളിൽ നിന്നും പ്രതിദിനം ശരാശരി 19 ദശലക്ഷം യൂണിറ്റും, കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റും ആണ് ലഭിക്കുന്നത്. അതായത് ജലവൈദ്യുത പദ്ധതി കളിൽ നിന്നും, കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും പ്രതിദിനം ശരാശരി 45 ദശലക്ഷം യൂണിറ്റ് മാത്രമാണ് 2014-15 വർഷത്തേക്ക് പ്രതീക്ഷിക്കുന്നത്. ഇത് മൊത്തം വൈദ്യുത ആവശ്യകതയുടെ 76% മാത്രമാണ്. കൂടാതെ സംസ്ഥാനത്തെ പീക്ക് ഡിമാന്റ് 3700 മെഗാവാട്ട് ആണ്. എന്നാൽ ജലവൈദ്യുത പദ്ധതികളിൽനിന്നും ഏകദേശം 1650 മെഗാവാട്ടും, കേന്ദ്ര നിലയത്തിൽ നിന്നും ശരാശരി 1150 മെഗാവാട്ടും മാത്രമാണ് പ്രതീക്ഷിക്കുന്നത്. പീക്ക് സമയത്ത് ശരാശരി 700 മുതൽ 900 മെഗാവാട്ടിന്റെ കുറവ് 2014-15 വർഷത്തിൽ പ്രതീക്ഷിക്കുന്നു. |

(......2)

| | |
|---|---|
| (സി) പ്രസ്തുത കുറവ് പരിഹരിക്കുന്നതിനായി പുതിയ വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;<br><br>(ഡി) വൈദ്യുതി പ്രതിസന്ധി സ്ഥായിയായി ഇല്ലാതാക്കാൻ ദീർഘവീക്ഷണത്തോടെയുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | **(സി)യും (ഡി) യും**<br><br>ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന 13 ജലവൈദ്യുതപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ വഴി 195.1MW വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും. കൂടാതെ 31 MW -ന്റെ 7 ചെറുകിടജലവൈദ്യുതപദ്ധതികൾ രണ്ടു വർഷത്തിനകം ടെണ്ടർ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ സ്വകാര്യസംരംഭകർ വഴി 222 MW -ന്റെ 62 ചെറുകിട ജലവൈദ്യുതപദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

1. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ അനുയോജ്യമായവയിൽ മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ
2. കഞ്ചിക്കോട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.
3. പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.
4. പൊരിങ്ങൽ പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ 50 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.
5. കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 കിലോവാട്ട് ശേഷിയുള്ള പോൾ മൗണ്ടട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.
6. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനിയറിംഗ് കെട്ടിടത്തിന്റെ മുകളിൽ 0.13456 മെഗാവാട്ട് ശേഷി യുള്ള സോളാർ പ്ലാന്റ് (stage-1) സ്ഥാപിക്കൽ.
7. RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 0.1315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കൽ.
8. ബ്രഹ്മപുരത്ത് ഡീസൽ വൈദ്യുത നിലയത്തിലെ കേടായ രണ്ട് ഡീസൽ എഞ്ചിൻ ജനറേറ്റർ സെറ്റുകൾ മാറ്റി പുതിയ പ്രകൃതി വാതകം ഉപയോഗിച്ച് പ്രർത്തിപ്പിക്കുന്ന 36 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി.
9. പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന 400 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട്.
10. കൊച്ചിൻ റിഫൈനറിയുടെ ആധുനികവത്ക്കരണ - വികസന പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഏകദേശം 500-600 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുത നിലയം.
11. പുതുവൈപ്പിൻ പെട്രോനെറ്റ് എൽ.എൻ.ജി പദ്ധതിയുടെ സമീപത്തായി 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതി വാതകം ഉപയോഗിച്ചുള്ള കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട്.
12. 1320 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപവൈദ്യുതനിലയം കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വീണ്ടും പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

കൂടാതെ, മറ്റ് ഏജൻസികൾ വഴി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

1. പാലക്കാട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 3 മെഗാവാട്ട് ശേഷിയുള്ള മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണജോലികൾ

പൂർത്തിയാക്കി. കമ്മീഷനിംഗ് ജോലികൾ നടന്നു വരുന്നു.

2. M/s. Inox Renewable Energy Limited-ന്റെ 22 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതി കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു.

3. ഗവൺമെന്റ് എൻ.എച്ച്.പി.സി-യുമായിട്ട് 06.01.2014-ൽ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ 82 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി സ്ഥാപിക്കുന്നതിലേയ്ക്കായി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്.

4. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, എൻ.എച്ച്.പി.സി-യുമായിട്ട് 07.05.2014-ൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ടിന്റെ സോളാർ പദ്ധതി സ്ഥാപിക്കുന്നതിനുള്ള ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്.

വൈദ്യുതിയുടെ കുറവ് ദീർഘകാലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) 150 മെഗാവാട്ട് വൈദ്യുതി റ്റാറ്റാ മൈത്തൻ എന്ന കമ്പനിയിൽ നിന്നും 25 വർഷത്തേക്ക് വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(2) 250 മെഗാവാട്ട് വൈദ്യുതി 25 കൊല്ലത്തേക്ക് വാങ്ങുന്നതിന് ഡി.വി.സി എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(3) യഥാക്രമം 450 മെഗാവാട്ട്, 400 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ടെൻഡർ വഴി ദീർഘ കാലാടിസ്ഥാനത്തിൽ 25 കൊല്ലത്തേക്ക് വാങ്ങുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

400 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ടെൻഡർ വഴി 2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ വാങ്ങുന്നതിന് എൻ.വി.വി.എൻ, പി.റ്റി.സി തുടങ്ങിയ വൈദ്യുതി വ്യാപാരികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

650 മെഗാവാട്ട് വൈദ്യുതി മറ്റ് മേഖലകളിൽ നിന്നും ഹ്രസ്വകാലാടിസ്ഥാനത്തിൽ 2013 നവംബർ മുതൽ 2014 ഒക്ടോബർ വരെ വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടെങ്കിലും ടി വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ഇടനാഴി ലഭ്യമായിട്ടില്ല. കൂടാതെ ദക്ഷിണേന്ത്യയിൽ നിന്നുള്ള വൈദ്യുതി വ്യാപാരികളിൽ നിന്നും 330 മെഗാവാട്ട് 2014 ജൂൺ മുതൽ 2015 മെയ് വരെ വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ ശരാശരി 200 മെഗാവാട്ടോളം വൈദ്യുതി മാത്രമേ കൊണ്ടുവരുന്നതിന് നിലവിൽ പ്രസരണ ഇടനാഴി ലഭ്യമായിട്ടുള്ളൂ.

ഇതുകൂടാതെ 175 മെഗാവാട്ട് വൈദ്യുതി 2015 ഫെബ്രുവരി മുതൽ 2015 മെയ് വരെ വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ഇതുകൂടാതെ ഊർജ്ജ സംരക്ഷണം വഴി അനാവശ്യവും, ആഡംബരത്തിനും ഉപയോഗിക്കുന്ന വൈദ്യുതി കുറയ്ക്കുന്നതിന് ഉപഭോക്താക്കൾക്ക് അവബോധം നൽകുന്നതുവഴിയും വൈദ്യുതി ഉപയോഗം പരിമിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ